മതം സ്വീകരിച്ച മുൻ പട്ടികജാതിക്കാരെ, പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനെ അനുകൂലിച്ചും, എതിർത്തും സർക്കാരിന് ലഭിച്ചിട്ടുള്ള നിവേദനങ്ങൾ കൂടി കണക്കിലെടുത്ത് അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## (2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### 1 (1) ഗൾഫ് മലയാളികൾക്ക് വോട്ടവകാശം

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. പാലോട് രവി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ. എ. ചന്ദ്രൻ
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് മലയാളികൾക്ക് വോട്ടവകാശം നൽകുന്നത് സംബന്ധിച്ച ഗവൺമെന്റ് സമീപനം എന്തെന്ന് വിശദീകരിക്കുമോ;

(ബി) അവർക്ക് വോട്ടവകാശം ലഭിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ;

(സി) ഈ നടപടികളുടെ അനന്തരഫലം എന്തെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1950-ലെ ജനപ്രാതിനിധ്യ നിയമത്തിലെ 19-ാം വകുപ്പ് പ്രകാരം ഗൾഫ് മലയാളികൾക്ക് ഇപ്പോൾ വോട്ടവകാശത്തിന് അർഹതയില്ല.

(ബി) ഇക്കാര്യത്തിൽ അനന്തര നടപടികൾ എടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

(സി) ഉദിക്കുന്നില്ല.

### 2 (2) വിവരസാങ്കേതിക വിദ്യ

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരസാങ്കേതിക മേഖലയുടെ വിവിധ രംഗങ്ങളിലെ സഹകരണത്തിന് കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സി-ഡിറ്റ് ഏതെങ്കിലും അന്തർദേശീയ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) സി-ഡിറ്റ് ഒരു അന്താരാഷ്ട്ര കമ്പനിയുമായും ധാരണാപത്രം ഒപ്പിട്ടിട്ടില്ല. എന്നാൽ 7.6.99-ന് സി-ഡിറ്റും മൈക്രോസോഫ്റ്റ് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയും തമ്മിൽ വിവര സാങ്കേതിക മേഖലയുടെ വിവിധ രംഗങ്ങളിലെ സഹകരണത്തിന് ഒരു ധാരണാപത്രം ഒപ്പുവച്ചിരുന്നു. മൈക്രോസോഫ്റ്റ് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ് എന്നത് ഒരു ഇൻഡ്യൻ കമ്പനിയാണ്. ഈ കമ്പനിയും ഏതാണ്ട് ഇതേ പേരിലുള്ള അമേരിക്കൻ കമ്പ

LIBRARY ARCHIVES Kerala Legislative Assembly